# ഇന്ത്യൻ സംസ്കാരവും ഭാഷകളും

"മറ്റുള്ള ഭാഷകൾ കേവലം
ധാത്രിമാർ, മർത്യന് പെറ്റമ്മ
തൻ ഭാഷതാൻ..."

പുതിയ വിവരസാങ്കേതികവിദ്യയുടെയും ആഗോളവത്കൃതവുമായ ഒരു ലോകത്തിലേക്കാണ് ഓരോ കുഞ്ഞും ജനിച്ചുവീഴുന്നത്. ലോകമെമ്പാടും, എല്ലാ കോണിലും പടർന്നുപിടിച്ച പുത്തൻ സാങ്കേതികവിദ്യയുടെ തളർച്ചയും, വളർച്ചയും ഇന്ന് ഒരു സാധാരണക്കാരനേയും ബാധിക്കുന്നു. അത്തരത്തിലുള്ള വലിയ മുന്നേറ്റങ്ങൾക്കിടയിൽ നമ്മുടെ സംസ്കാരവും സാംസ്കാരികവൈവിധ്യങ്ങളും അന്യമാകുകയാണ്. ദേശങ്ങൾക്കും കാലങ്ങൾക്കും അനുസൃതമായി വളർന്ന കലകളും, ഭാഷകളും, നാടൻകളികളും പഴമയിലേക്ക് ചുരുങ്ങുമ്പോൾ യഥാർത്ഥത്തിൽ നഷ്ടപ്പെടുന്നത് നമ്മുടെ മണ്ണിലേക്ക് ആഴ്ന്നിറങ്ങിയ വേരുകളാണ്. അത്തരം വേരുകളെ സംരക്ഷിച്ചില്ലെങ്കിൽ, നാം നമ്മെ തന്നെ ഉപേക്ഷിക്കുകയാവും. ഓരോ മനുഷ്യനും, നിർമ്മിക്കപ്പെടുകയാണ്. രൂപംകൊണ്ടും

വേഷം കൊണ്ടും, ഭാഷ കൊണ്ടും, പ്രവൃത്തി കൊണ്ടും
ജീവിതശൈലി കൊണ്ടും നിർമ്മാണം നടത്തുന്നു.
അതുകൊണ്ടുതന്നെ നാം നമ്മെ നവീകരിക്കണം.
അതെന്നും ഓർക്കുക..

ഇന്ത്യയും ഭാഷാവിഭജനവും..

18-20 നൂറ്റാണ്ടിന്റെ പകുതിയിൽ തന്നെ
ബ്രിട്ടീഷ് സാമ്രാജ്യം ഇന്ത്യയിൽ വളർന്നുവരാൻ
തുടങ്ങി. പല സ്ഥലങ്ങളിൽ നിന്നും തുടങ്ങിയ
യുദ്ധം; ഒടുവിൽ 19-20 നൂറ്റാണ്ടിന്റെ ആദ്യ
കാലത്തിൽ തന്നെ ഇന്ത്യയുടെ മുക്കാൽഭാഗവും
സൂര്യൻ അസ്തമിക്കാത്ത സാമ്രാജ്യത്തിലാഴ്ത്തി-
ത്തിരുന്നു. നീണ്ട പരിശ്രമത്തിനൊടുവിൽ
ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിക്കുകയും ചെയ്തു.
പിന്നീട് അതേഭാഷ സംസാരിക്കുന്നവർക്കുവേ-
ണ്ടി ഒരു സംസ്ഥാനമുണ്ടാക്കിത്തന്ന ശേഷം,
ഇന്ത്യ ഒട്ടാകെ പലഭാഷ സംസാരിക്കുന്നവരെ
പല സംസ്ഥാനങ്ങളാക്കി വിഭജിച്ചു. അങ്ങനെ
വിഭജനം ഭാഷാപരമായി ഒരു വേർതിരിവ്
ഉണ്ടാക്കിയെങ്കിലും, ഇന്ത്യയുടെ ഐക്യം ഏതെ

പ്രശസ്തിയും നേടിയാണ്.

ആംഗലേയ ഭാഷയും ഇന്ത്യയും.

ബ്രിട്ടീഷുകാരുടെ വരവോടെ ഇന്ത്യയിൽ ആംഗലേയ ഭാഷ വളരുവാൻ തുടങ്ങി. ഇന്ത്യ-മഹാരാജ്യത്തിന് സ്വാതന്ത്ര്യം ലഭിക്കുവാൻ വിദേശഭാഷാസഹായങ്ങളും എന്നിരുന്നാൽ സ്വാതന്ത്ര്യസമരസേനാനികളും ഇതേ ഭാഷ പഠനത്തെ ഉപേക്ഷിച്ചില്ല. എന്നാൽ അന്ന് ഇത്രയും ഭാഷയുടെ ആഗമനം ഇന്ത്യൻനാട്ടു-ഭാഷയെ ചെറുതാക്കുമെന്ന് അവർ ചിന്തിച്ചിരു-ന്നില്ല. ലോകഭാഷയും, ദേശീയഭാഷയും സ്വന്തം മാതൃഭാഷയോളം മഹത്തരമാണോ. എങ്കി-ല്ലെ എന്ന്. പലരും ചോദിച്ചുതുടങ്ങിയി-രുന്നു. വൈദേശികഭാഷയുടെ പിടിമുറുക്കത്തിൽ നിന്നും വളർന്നുവന്ന ഹിന്ദി ഭാഷയുടെ പിടിമുറുക്കങ്ങളിൽനിന്നും നാട്ടുഭാഷയെ കാക്കാൻ മാതൃഭാഷയിൽ എഴുത്തുകാർ എഴുതിത്തുട-ങ്ങി. ആ കാലഘട്ടത്തിൽ തന്നെയാണ് ആംഗലേയ സാഹിത്യകാരൻ ഇങ്ങനെ അഭി-

ബോധ്യപ്പെട്ടത്. "ഇത്ര കൊചെറിയ ചെറിയ വ്യത്യസ്ത-
ഭാഷകളുടെയും വലിയ വലിയ ലോക ഭാഷ-
കളേയും ഒത്തുചേരൽ ദേശമാണ്. വക്കേ വലിയത്
ചെറുതിനെ നശിപ്പിക്കാതെ നോക്കണം!" വലിയ
കാലങ്ങളൊന്നും വേണ്ടിവന്നില്ല!. ചുരുങ്ങിയ 20
വർഷത്തിനശേഷം നമ്മുടെ അവസ്ഥയും ഇത്
തന്നെയാണല്ലോ....! ഇവിടെത്തന്നെയാണ്
മാതൃഭാഷയുടെ കവിതാശകലത്തിനും
പോധാന്യം.

"ഇനിയും മുൻപേ മരിച്ചുവീഴ്
പഠനം അതിനാൽ ഭാഷ തൻ
പോരങ്ങളിൽ തണലാകി...!"

മാതൃഭാഷയിൽത്തന്നെ
പഠനം നടത്തി സാക്ഷരരായവർ സ്വന്തം മക്കളു-
ടെ കാലഘട്ടത്തിൽ നിരക്ഷരരാവുന്നു..
അതുകൊണ്ടുതന്നെ, മാതൃഭാഷയിൽ പഠനം
നടത്തി ഇനിവരുംകാലഘട്ടത്ത് ലോകഭാഷയി-
ലും പ്രാവിണ്യം നേടുക എന്നതാണ്
ഉന്നമം..

ആംഗലേയ ഭാഷയും കേരളവും.

ദ്രാവിഡഭാഷാ വിഭാഗത്തിൽ ഉൾപ്പെടുന്ന
മലയാളം കേരളീയരുടെ ഭാഷയാണ്. മലയാളഭാഷ-
യുടെ വളർച്ചയ്ക്കുവേണ്ടി സഹായിച്ച
അനേകം എഴുത്തുകാരും സാംസ്കാരിക നായ-
കന്മാരും വാർത്തെടുത്ത ഒരു ഭാഷ. എന്നാൽ
മനുഷ്യമനസ്സുകളിലേക്ക് ആംഗലഭാഷ സ്ഥാനം
പിടിക്കുന്നതിനു മുൻപേതന്നെ കേരളീയ
സംസ്കാരത്തിൽ ഇത്തരം ഭാഷ വളരാൻ
തുടങ്ങി. ബ്രിട്ടീഷ് ഭരണം നമുക്ക് സമ്മാനിച്ച
അനേകം ഗുണങ്ങളെ മറക്കുന്നില്ല. ഉപന്യാസം
പോലുള്ള മഹത്തായ രചനകൾ തുടങ്ങിയ
ഭാഷയെ വെറുക്കുന്നുമില്ല, പക്ഷേ എന്നുമുത-
ലാണോ അത് നമ്മുടെ ചൈതന്യത്തെ,
നമ്മുടെ സംസ്കാരത്തെ തടഞ്ഞുനിർത്തുവാൻ
ശ്രമിച്ചത്, അത് അനുവദിച്ചുകൂടാ.

സി.ബി.എസ്.സി, ഐ.സി,
എസ്.സി തുടങ്ങിയ വിദ്യാഭ്യാസസമ്പ്രദായ-
ങ്ങൾ മലയാളഭാഷയെ ബാധിക്കുന്നവയെ.

രൂപമായി ചിത്രീകരിച്ചത്, ഒരർത്ഥത്തിലും
അംഗീകരിച്ചുകൂടാ.. പൊതുവിദ്യാഭ്യാസസംരക്ഷണ-
യജ്ഞത്തിന്റെ ഭാഗമായി സർക്കാർ നടത്തിവരു
ന്ന 'സുന്ദരം മലയാളം' 'നമ്മുടെ മാതൃ: മലയാളം'
തുടങ്ങിയ പ്രവർത്തനങ്ങൾക്ക് വിത്തുനൽ-
കാം. പൊതുവിദ്യാലയം ഹൈ-ടെക് ആക്കിയും
മലയാളഭാഷയുടെ സാധ്യതയെ വിലയിരുത്താം.
ഈ വർഷത്തെ ജ്ഞാനപീഠം പുരസ്കാരം
ബഹുമാനപ്പെട്ട കവി അക്കിത്തത്തിന്
ലഭിച്ചത് മലയാളഭാഷയുടെ അഭിമാനം
തന്നെയാണ്. ആരാച്ചാരും, ആടുജീവിതവും,
ഖസാക്കിന്റെ ഇതിഹാസവും, കാട് നനയ്ക്കുന്ന
ചോരയും, രണ്ടാമൂഴവും നമ്മെ ലോകഭാഷക-
ളുടെ മുൻപിൽ ഉയർത്തിപ്പിടിക്കുന്നു.
ഭരണഘടനയും സംസ്കാരവും..
'ഭാഷാഭേദങ്ങൾക്കതീതമായി സംസ്കാരങ്ങളും
മാറുന്നു'. ഇന്ത്യ എന്ന ദേശം വിവിധ ദേശങ്ങ-
ളുടെ ആത്മബന്ധങ്ങളാണ്, ഭരണഘട-
നയുടെ ശിൽപ്പിയായ അംബേദ്കർ വളരെ

സ്വതന്ത്രമായ ചിന്തയിൽ തന്നെ സംസ്കാരത്തിന്റെ
ആവശ്യകത എടുത്തുകാട്ടുന്നു. സാംസ്കാരിക
ബോധവും, സാംസ്കാരിക മൂല്യങ്ങളുമാണ്
ഓരോ പൗരനും ഉണ്ടാവേണ്ടതാണ്.
സാംസ്കാരിക ബോധം. എന്നാൽ സാംസ്കാരിക
മൂല്യങ്ങളെ സംരക്ഷിക്കുവാൻ എല്ലാവർക്കും
അധികാരമുണ്ട്. വിദേശരാജ്യങ്ങളിലേക്ക് ചേക്കേറി
യ പല ഇന്ത്യക്കാരും, മലയാളികളും അവരുടേ-
ന്ന്, അവരുടേതായിരുന്ന സംസ്കാരം വിട്ടെറിഞ്ഞ്
വിദേശിയസംസ്കാരം സ്വീകരിച്ചു. അക്കാര്യത്തിൽ
നോക്കിയിരുന്നാൽ സാംസ്കാരികബോധം
മലയാളിക്ക് കുറവാണ്. സ്വന്തം തെറ്റ് മറച്ചുപി
ടിച്ച് മറ്റുള്ളവരുടെ ചെറിയ തെറ്റിൽ
വലിയ പോരായ്മ കണ്ടുപിടിക്കുന്ന സാംസ്കാ-
രിക ബോധം എത്രത്തോളത്തിൽ മഹനീയ
മാണ്: എന്നിരുന്നാലും, കലാപരമായും
ഭാഷാപരമായും നമ്മുടെ സംസ്കാരം
ഉന്നതിയിൽ തന്നെയാണ്. അതുകൊണ്ടു
തന്നെ, കേരളീയ സാമൂഹിക പുരോഗതി

സാംസ്കാരികപരമായി വിലയിരുത്തണം...

ആധുനിക ഇന്ത്യ : സംസ്കാരം...

ഇന്ത്യൻ ജനതയ്ക്ക് തനതായ സംസ്കാരപുരോ-
ഗതി കാട്ടുന്ന മനസ്സുകളാണ്. എന്നാൽ ചിലയിട-
ങ്ങളിൽ നടക്കുന്ന ഉപരോധങ്ങളും വിവേചനങ്ങ-
ളും ജാതീയമായി നിലനിൽക്കുന്ന വർഗീയത-
യും നമ്മുടെ സംസ്കാരത്തിന് കോട്ടം വരു-
ത്തുകയാണ്. കേരളത്തിലെ സാക്ഷര ഉദ്യമവും,
ചരിത്രമുന്നേറ്റങ്ങളും, നടന്നിട്ടുള്ള പോരാട്ടങ്ങ-
ളും ഇതുപോലെ ഒരു സംസ്കാരത്തിന്റെ
ഉദാഹരണങ്ങളാണ്.

ഒരു ഇന്ത്യ, ഒരു ഭാഷ, ഒരു സംസ്കാരം...

ഈ അടുത്തകാലത്ത് ഇന്ത്യൻ സാമൂഹിക-
സാംസ്കാരിക - സാങ്കേതിക, സമൂഹവും,
രാഷ്ട്രീയ ഭരണം ചർച്ചചെയ്ത വിഷയ-
മാണ് കേന്ദ്രസർക്കാരിന്റെ ഏകഭാഷാ
നയം. ഹിന്ദി ഇന്ത്യയുടെ ഒരു ഭാഷയായി
മാറണം എന്ന ആശയത്തിൽ നിന്നുപോകു-
ന്ന പോരാട്ടങ്ങളും, നിന്നുപോകാവുന്ന

സംസ്കാരവും അടങ്ങിയിരിപ്പുണ്ട്. ഇന്ത്യയിൽ നിലനിന്നുപോരുന്ന ഇരുപതിൽപ്പരം വലുതും ചെറുതുമായ അനേകം ഭാഷകളുടെ കിരീടത്തിന് അതേ ഉടമയാണ് ഹിന്ദിയുടെ ഭാഷാവൈവിധ്യവും, ഹിന്ദി ഏകഭാഷയാണെന്ന എന്ന അഭിപ്രായവും.

അതുപോലെത്തന്നെ ഉത്തരേന്ത്യൻസംസ്കാര-മാണ് ഇന്ത്യൻ ദേശീയസംസ്കാരം എന്നത-ന്നിലുള്ള ചിന്തകളും മറ്റും സാംസ്കാ-രികവൈവിധ്യങ്ങളെ തകർക്കുന്നുണ്ട്. ഇന്ത്യ ഒന്നാണ് ഇന്ത്യനാണെന്ന. പക്ഷേ അത് മനസ്സുകളിലും, ചിന്തകളിലും മതി. ഭാഷയെയും നമ്മുടെ തനത് സംസ്കാരത്തെയും നശിപ്പിച്ചുകൊണ്ടാകരുത്.

നാട്ടിലുള്ളതുപോലെ തെലുങ്ക്, പഞ്ചാബി, ഉർദു, സംസ്കൃതം, കശ്മീരി, ഭാഷകളെ സംരക്ഷിക്കണം, ഒപ്പവും തനിമയും, നാം വളർന്നു വന്ന സാംസ്കാരിക പാരമ്പര്യം കാത്തുവയ്ക്കുക, നമ്മളെ ചതിക്കാതെ

കാരണമെന്തെന്ന് അനേകജാതിയും സംസ്കാരവും
ഒത്തുചേരുന്ന ഹൃദ്യഭൂമിയാവണം.

ജാതിയും സംസ്കാരവും:- ജാതിസംസ്കാരം

~~അ~~ അനേകമായ നമ്മുടെ സംസ്കാരത്തിലെ
അനേകമായ ജാതിയിൽനിന്നും ജാതിസംസ്കാരം
രൂപീകൃതമാകുന്നു. അനേകകാലത്തോളം
പ്രയാണം ചെയ്തതിന് ശേഷമാണ് പ്രത്യേകി-
ച്ച ജാതി രൂപപ്പെട്ടത്. അത് ചെറിയ കാല
ത്തേക്ക് നശിച്ചുപോകരുത്. ശരിക്കും സംസ്കാര-
ത്തിന്റെ പ്രയാണ ശരി നിലനിൽക്കുന്നത്
ജാതിയിലൂടെയാവണം.

"വിശക്കുമ്പോൾ ഒരുവൻ അന്നം മറ്റൊരുവനു-
ന്നത് അവന്റെ മനുഷ്യത്വത്തെ തെളിയിക്കാം"
എന്ന വാക്കുകൾ എത്ര
അന്വർത്ഥമാണ്. മനസ്സിനെ ശുദ്ധമാക്കുന്നത്
മനുഷ്യത്വമാണ്. അതുകൊണ്ടുതന്നെ മറ്റുള്ള
ജാതികളെ കേവലം ധാർമികതകൊണ്ട് മനുഷ്യ-
ത്വത്തെ പെരുമയായി കാണണം. അതിനെ

60th Kerala School Kalolsavam, Nov 28 - Dec 1, 2019 _ Kasaragod

Item Code: 643 Participant Code: 3

മാതൃഭാഷാസംസ്കാരം നിലനിർത്തണം.

ഇന്നത്തെ വിദ്യാർത്ഥി, നാളത്തെ പൗരന്മാർ. ഇന്ന് ക്ലാസ്മുറികളിൽ ഇരിക്കുന്നവരാണ് നാളത്തെ ലോകത്തെ നയിക്കാനും. ഇന്നത്തെ വിദ്യാർത്ഥികൾ കാണുന്ന കണ്ണിലൂടെ, അവരുടെ സ്വപ്നങ്ങളിലൂടെ ചിന്തകളിലൂടെ നാളത്തെ ലോകം നിർമ്മിക്കപ്പെടുന്നു. നമ്മുടെ ഭാഷയും സംസ്കാരവും നിലനിർത്തണമെങ്കിൽ പാഠപുസ്തകത്തിൽ ഭാഷയുടെ ആവശ്യകത ഉൾക്കൊള്ളണം.. ഇന്ത്യയുടെ പൈതൃകം ഭരണഘടനയും, ചരിത്രവും ഇവിടെനിന്നും ഉൾക്കൊണ്ട സംസ്കാരത്തെക്കുറിച്ചും അവർക്കറിവ് നൽകണം. അങ്ങനെയെങ്കിൽ മാറ്റമേ നമുക്ക് പുതു ഇന്ത്യയേയും, കേരളത്തെയും, ഭാഷയിലും സംസ്കാരത്തിലും ഒരുമിപ്പിക്കൂ. അതുകൊണ്ടുതന്നെ:

'ചോരതുടിക്കും ചെറുകൈകളേ,
പേറുക വന്നീ പന്തങ്ങൾ
അധ്വാനശ്രീ ചൈതന്യമാകും
അഗ്നിവഹിക്കും പന്തങ്ങൾ.'

(Note: Graded articles may be published in schoolwiki. So, Write neatly. Don't fold paper. Don't write overleaf).